# ആമുഖം

മേപ്പാടി ഗ്രാമപഞ്ചയാത്തിന്റെ 2022-23 സാമ്പത്തീക വർഷത്തെ കരട് ബഡ്ജറ്റ് മീറ്റിംഗിൽ ഹാജരായിട്ടുള്ള നിങ്ങൾക്കെല്ലാവർക്കും എന്റെ സ്നേഹാഭിവാദ്യങ്ങൾ. കേന്ദ്ര സംസ്ഥാന ബഡ്ജറ്റുകൾ അവതരിപ്പിക്കുമ്പോൾ ദൃശ്യപത്ര മാധ്യമങ്ങളിൽ ഇതിന്റെ വിശദാംശങ്ങൾ അറിയാൻ നമ്മളേവരും വളരെ താൽപര്യം കാണിക്കാറുണ്ട്. ഇതിൽ സർക്കാരുകൾ ചുമത്തുന്ന ഓരോ രൂപ നികുതിയും ഫീസും ജനസാമാന്യത്തെ എങ്ങനെ ബാധിക്കുമെന്നതാണ് കാര്യം. എന്നാൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബഡ്ജറ്റ് എന്നത് പ്രതീക്ഷിത വിഭവ സ്രോതസിൽ എത്രമാത്രം തുക ഓരോ ജന വിഭാഗത്തിനും ആനുകൂല്യമായി നൽകപ്പെടുന്നുണ്ട് എന്നും, എത്രമാത്രം ഫണ്ട് വികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തുവാൻ കഴിയുമെന്നുള്ളതുമാണ്. 2022-23 വർഷത്തെ പ്രത്യേകത പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമെന്നതാണ്. ഒരു പ്രാദേശിക സർക്കാർ എന്ന നിലയിൽ ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട കാർഷിക, മൃഗസംരക്ഷണ, മത്സ്യ, ക്ഷീര വികസനവും പ്രാദേശീക സാമ്പത്തീക വികസനത്തിന്റെ ഭാഗമായുള്ള സൂക്ഷ്മ ചെറുകിട ഇടത്തര തൊഴിൽ സംരംഭങ്ങളിലൂടെ തൊഴിൽ സൃഷ്ടിക്കലും പ്രകൃതി വിഭവ സംരക്ഷണവും അതിദാരിദ്യ നിർമ്മാർജ്ജനം, ശുചിത്വം, സാമൂഹ്യ നീതി, പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമവും വയജോന ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണം, ലിംഗസമത്വം, അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ, വിദ്യഭ്യാസം, ആരോഗ്യ സംരക്ഷണം, സദ്ഭരണം എന്നിവയ്ക്ക് പുറമെ കുറേ കൂടി ജനപക്ഷമായ വാതിൽപടി സേവനങ്ങൾ എന്നിവയുൾപ്പടെയുള്ള സൂചകങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ളതാണ് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നത്. ഇത് ബഡ്ജറ്റിൽ പ്രതിഫലിപ്പിക്കുന്നതിന് ക്രിയാത്മകമായ ചർച്ചയും കൂട്ടായ പരിശ്രമവും അവശ്യമാണ്.

പുതിയ കാഴ്ചപാടിനും കാലിക പ്രാധാന്യമുള്ള ഘടകങ്ങൾക്ക് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ടിലെ 214-ാം വകുപ്പിൽ പ്രതിപാതിക്കുന്ന നിയമ വ്യവസ്ഥകളുടെ സത്ത ഉൾക്കൊണ്ട് കൊണ്ട് ബഡ്ജറ്റ് യാതാർത്ഥ്യമാക്കുക എന്നതാണ് കരണീയം. ഈ പഞ്ചായത്ത് ഭരണ സമിതിയുടെ രണ്ടാമത്തെ ബഡ്ജറ്റായ 2022-23 സാമ്പത്തീക വർഷത്തെ ബഡ്ജറ്റിൽ പഞ്ചായത്തിന്റ അനിവാര്യ ചുമതലകളിലും ഉത്തരാവിത്വത്തിലും പെട്ട എല്ലാ ഘടകങ്ങളിലും ഫണ്ട് വകയിരുത്തിയിട്ടുള്ള നിർദ്ദേശങ്ങളാണ് ഉള്ളത്. ഇത് ഒരു പുതിയ വികസന കാഴ്ചപാടിനും പുരോഗതിക്കും കാരണമാകട്ടെ എന്ന ആത്മാർത്ഥമായ ആഗ്രഹത്തോടെ സ്നേഹപൂർവ്വം

*ഓമന രമേഷ്*

*പ്രസിഡന്റ്*
*മേപ്പാടി ഗ്രാമപഞ്ചയാത്ത്*

# ബഡ്ജറ്റ് പ്രസംഗം

*ബഹുമാന്യരെ,*

മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തീക വർഷത്തേക്കുള്ള ബജറ്റ് കരട് നിർദേശങ്ങൾ അവതരണത്തിന് നിങ്ങളുടെ ഏവരുടെയും സഹകരണവും ക്രയാത്മകവും പരിപോഷിതവുമായ ചർച്ചകളും പ്രതീക്ഷിച്ചുകൊണ്ട് ഞാന് ആരംഭിക്കട്ടെ.

2022-23 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിന് മുമ്പായി നമ്മൾ അംഗീകരിച്ച 2021-22 വർഷത്തെ ബഡജറ്റ് പ്രവർത്തനങ്ങളുടെ ഒരു റിവ്യൂ നടത്തുന്നത് പുതിയ സാമ്പത്തീക വർഷത്തെ ബഡജറ്റ് ചർച്ച വേളയിൽ ഉജിതമാകുമെന്ന് കരുതുന്നു. നികുതി വരവ് ഇനത്തിൽ **1 കോടി 25 ലക്ഷം** രൂപയായിരുന്നു നമ്മുടെ പ്രതീക്ഷിത വരവ് ഈ ഇനത്തിൽ നടപ്പ് സാമ്പത്തീക വർഷം നാളിതുവരെ **91,91,453** രൂപ **(തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി നാനൂറ്റി അമ്പത്തിമൂന്ന് രൂപ)** വരവ് വന്നിട്ടുണ്ട്. കഴിഞ്ഞ വർഷം നികുതി വരവിനത്തിൽ 100% നേട്ടം കൈവരിച്ച പഞ്ചായത്ത് എന്ന് ഖ്യാതി നില നിർത്തി ഈ വർഷവും 100% നികുതി പിരിവ് നേട്ടം കൈവരിക്കുമെന്ന് നമുക്ക് പ്രത്യീഷിക്കാം. ഈ നേട്ടം കൈവരിക്കുന്നതോടെ നമ്മുടെ കഴിഞ്ഞ വർഷ ബഡ്ജറ്റ് പ്രതീക്ഷീത വരുമാനം ലഭിക്കുമെന്ന് ഉറപ്പാണ്. പഞ്ചായത്തിന്റെ നാനവിധമുള്ള പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് അനിവാര്യമായതിനാൽ 100% നികുതിപിരിവ് ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ എല്ലാവരുടെയും ശ്രമമുണ്ടാകണമെന്ന് ഇത്തരുണത്തിൽ അപേക്ഷിക്കുന്നു.

ഇത് പോലെ വികസന ഫണ്ട് വിനിയോഗം ഉല്പാദന മേഖലയിൽ **76,47,262** (എഴുപത്തി ആറ് ലക്ഷത്തി നാൽപ്പത്തിഏഴായിരത്തി ഇരുനൂറ്റി അറുപത്തിരണ്ട് ) രൂപയും സേവന മേഖലയിൽ **7,21,02,391** (എഴ് കോടി ഇരുപത്തിഒന്ന് ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒന്ന്) രൂപയും പശ്ചാത്തല മേഖലയിൽ **1,47,88,335** (ഒരു കോടി നാൽപത്തിഏഴ് ലക്ഷത്തി എൺപത്തി എട്ടായിരത്തി മുന്നൂറ്റി മുപ്പത്തി അഞ്ച് ) രൂപയുമാണ് ആകെ പദ്ധതി ചെലവ് ജനറൽ 99 %, എസ്.സി.പി 83 %, ടി.എസ്.പി 82 % ആകെ 78 % എന്നിങ്ങനെയാണ്. മെയ്ന്റനൻസ് ഗ്രാന്റിലാണ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കുറച്ചെങ്കിലും പുറകോട്ട് പോയിട്ടുള്ളത്. ഇത് സ്വയം വിമർശനാത്മകവുമായി എടുത്തുകൊണ്ട് തന്നെ അവശേഷിക്കുന്ന ദിവസങ്ങളിൽ ഇത് മറികടന്ന് ലഭ്യമായ പദ്ധതി വിഹിതം 100 % ചെലവഴിക്കുന്നതിന് സംയുക്ത ശ്രമം ഉണ്ടാവേണ്ടതുണ്ട്. ഇത്രയും ആമുഖമായി പറഞ്ഞത് കഴിഞ്ഞ വർഷം നമ്മൾ അംഗീകരിച്ച ബഡ്ജറ്റ് യാഥാർത്ഥ്യ ബോധ്യത്തോടെ തയ്യാറാക്കിയതാണ് എന്ന സന്തോഷം പങ്കിടുന്നതിന് വേണ്ടിയാണ്.

ബഡ്ജറ്റ് എന്നത് ഒരു പ്രാദേശിക സർക്കാരിന്റെ വികസന കാഴ്ചപ്പാടും കാലിക പ്രാധാന്യമുള്ള സമസ്യകളുടെ പൂർത്തീകരണവും ആകയാൽ ലഭ്യമാക്കുന്ന വിഭവ സ്രോതസുകൾ കൃത്യതയോടെ ഉപയോഗിച്ച് എത്രത്തോളം നീതിപൂർവ്വമായ വിഭജനം

സാധ്യമാകും എന്ന ഒരു  അന്വേഷണവും കൂടിയാണ്. 14-ാം പഞ്ചവത്സര പദ്ധതിയുടെ പ്രഥമ വർഷത്തെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്ന വർഷത്തെ ബഡ്ജറ്റ് എന്ന പ്രത്യേകത കൂടി ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ പ്രത്യേകതയാണ്. ഈ അർത്ഥത്തിൽ 2022-23 ലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ കാർഷിക മേഖലയ്ക്ക് **1 കോടി 50 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്. ഇന്ന് വയലുകളുടെ പേരിൽ അറിയപ്പെടുന്ന പല പ്രദേശങ്ങളും ഒരുകാലത്ത് സമൃതമായ കൃഷിയിടങ്ങളായിരുന്നു. ഇവ മേപ്പാടിയുടെ നെല്ലറകളുമായിരുന്നു. കൃഷി ഭൂമി മറ്റ് പല ആവശ്യങ്ങൾക്കും തരം മാറ്റിയതോടെ ഇത് ഗണ്യമായി കുറഞ്ഞ് ഏകദേശം 100 ഹെക്ടറിലായി ചുരുങ്ങി- ഈ മേഖലയിൽ ഒരു പുനരുജീവനം എന്ന നിലയ്ക്കുമായണ് ഒന്നര കോടി രൂപ വകയിരുത്തിയിട്ടുള്ളത്.

മേപ്പാടിയുടെ സാമൂഹിക സാമ്പത്തീക രംഗങ്ങളിൽ നിർണ്ണായക സ്വാധീനം തോട്ടം മേഖലയ്ക്ക് ഉണ്ടായിരുന്നു. ഈ എസ്റ്റേറ്റുകളിൽ താമസിച്ചിരുന്ന 100 കണക്കിന് തൊഴിലാളി കുടുംബങ്ങൾ പിന്നീട് പൊതു സമൂഹത്തിന്റെ ഭാഗമാവുകയും പാർപ്പിടം ഉൾപ്പടെയുള്ള സൂചികകളുടെ ആവശ്യക്കാരാവുകയും ചെയ്തു. ഈ ഇനത്തിൽ പഞ്ചായത്ത് വർഷങ്ങളായി പല പദ്ധതികളും നടപ്പിലാക്കി വന്നിരുന്നു. ഉദാഹരണമായി കൈരളി ഭവന പദ്ധതി, ഇ.എം.എസ് ഭവന പദ്ധതി, സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി, നിലവിലെ ലൈഫ് മിഷൻ എന്നിവ ഇവയിൽ ചിലതാണ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിലുള്ള തിരിച്ചടവ് ഉൾപ്പടെയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് **7 കോടി 60 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്.

പശ്ചിമ ഘട്ട മലനിരകളുടെ ഭാഗമായ വെള്ളരിമലയുടെ മടിത്തട്ടിൽ അഭയം കൊള്ളുന്ന മേപ്പാടി പ്രദേശത്ത്കൂടെ എളമ്പിലേരി പുഴ, അരണപുഴ എന്നിവയും പരശതം ചെറുകൈവഴികളും ഒഴുകുന്നുണ്ടെങ്കിലും എല്ലാ വർഷവും ഡിസംബർ, ജനുവരി മാസത്തോടുകൂടി രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടാറുണ്ട്. ഇതിനൊരു പരിഹാരമെന്ന നിലയിൽ **1 കോടി രൂപ** ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

മേപ്പാടി പഞ്ചായത്തിന്റെ പല ഭാഗങ്ങളും പരിസ്ഥിതി ലോലപ്രദേശങ്ങളിൽ ഉൾപ്പെട്ടവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മുൻവർഷങ്ങളിൽ ഉണ്ടായ പ്രളയ ദുരന്തം എന്നും മേപ്പാടിയുടെ ജനമനസുകളിൽ ഒരു നിത്യ ദുഖമായി അവശേഷിക്കുന്നതാണ് എന്ന് വേതനയോടെ പറയട്ടെ. ഈ മേഖലയിൽ നേരിടുന്ന ആഘാതം കുറയ്ക്കാൻ എന്തെല്ലാം പദ്ധതികൾ ആവിശ്കരിക്കാമെന്നതിനായി **50 ലക്ഷം രൂപ** വകയിരുത്തിയിട്ടുള്ളതായി അറിയിക്കുന്നു.

ഒരു പ്രദേശത്തിന്റെ വികസന പരിഛേദമായി പരിഗണിക്കുന്നതാണ് ആപ്രദേശത്തുള്ള ഗതാഗത സൌകര്യങ്ങളുടെ ലഭ്യത. ഗ്രാമീണതയിൽ നിന്നും നീകരീക സംസ്കാരത്തിലേക്കും വികസനത്തിലേക്കും ചുവടുറപ്പിക്കുന്ന മേപ്പാടി ടൌണിനും അതിന്റെ പരിസര പ്രദേശങ്ങളിലും റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും അനിവാര്യമാണ്. പ്രതികൂല കാലാവസ്ഥയിലും മണ്ണിൻറെ ഘടനാ വ്യത്യാസവും നിലവിൽ നിർമ്മിക്കുന്ന റോഡുകളുടെ ക്ഷമത കുറയ്ക്കുന്നതിനു

കാരണമാകുന്നു. ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് പശ്ചാത്തല മേഖലയിൽ **8 കോടി 20 ലക്ഷം** രൂപ വകയിരുത്തിയിട്ടുണ്ട്.

ഒരു ആധുനിക സമൂഹത്തിന്റെ മുഖ മുദ്രകളാണ് പാർപ്പിടവും തൊഴിലും വനിത വികസനവും തുടങ്ങിയ സൂചകങ്ങൾ ഇവ മറ്റൊരർത്ഥത്തിൽ ദാരിദ്ര ലഘൂകരണ ഘടകങ്ങള് കൂടിയാണ്. മഹാത്മ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പടെ ലഭ്യമാക്കുന്ന തുകകള് ഉൾപ്പെടുത്തി ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്കായി **8 കോടി** രൂപ വകയിരുത്തിയിട്ടുണ്ട്. ആധുനീക സമൂഹം ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം എന്നീ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചതോടൊപ്പം ജീവിത ക്രമങ്ങളിലുണ്ടായ മാറ്റത്തോടെ ജീവിത ശൈലി രോഖങ്ങളുടെ വ്യാപനവും വർദ്ധിച്ചു. ഇതിന് പുറമെയാണ് സാക്രമിക രോഖങ്ങളും പൊട്ടി പുറപ്പെടുന്നത്. ഇത് ആരോഗ്യ മേഖലയിലെ ഇടപെടലുകൾ സങ്കീർണ്ണമാക്കുന്നുണ്ട്. ഈ ഇനത്തിൽ ആരോഗ്യ മേഖലയിൽ **56 ലക്ഷം** രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ ബഡ്ജറ്റിന്റെ കരട് നിർദ്ദേശങ്ങളിൽ പരിഗണന നൽകിയ മേഖലയാണ് **1 കോടി 24 ലക്ഷം രൂപ വകയിരുത്തിയ വനിത ശിശു സൌഹൃത പദ്ധതി. ഭിന്നശേഷി സൌഹൃതത്തിന് മാത്രമായി 50 ലക്ഷം രൂപയാണ് വകയിരുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്.**

മുകളിൽ പരാമർശിച്ച ഇനങ്ങൾക്ക് പുറമെ ലഭ്യമായ തുകകള് എല്ലാ മേഖലയിലും വകയിരുത്തിയിട്ടുള്ള കരട് ബഡ്ജറ്റ് നിർദ്ദേശങ്ങളാണ് തുടർന്ന് വരുന്നത്. വിശദമായ ബഡ്ജറ്റ് കരട് നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു. നിർദ്ദേശങ്ങളിൽ പ്രോത്സാഹജനകവും കൃയാത്മകവുമായ വിമർശനങ്ങൾക്ക് സ്വാഗതം ചെയ്യുന്നു. മാത്രവുമല്ല അടുത്ത സാമ്പത്തീക വർഷത്തെ പദ്ധതി രൂപീകരണ മാർഗ്ഗ നിർദേശങ്ങൾ അന്തിമമായി ലഭിച്ചിട്ടില്ലാത്തതിനാൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുകകള് ഓരോ മേഖലയിലും വകയിരുത്തിയിട്ടുള്ളതാണ്. പദ്ധതികൾ നടപടി ക്രമങ്ങൾ പാലിച്ച് പിന്നീട് രൂപീകരിക്കുന്നതാണ്.

അതി വിസ്മൃതിയിലമരാത്ത ഭൂതകാലത്ത് വയനാടിൻറെ കോട മഞ്ഞും കുളിരും, പച്ചപ്പും പരവതാനി വിരിച്ച പുൽമേട്ടുകളും, കാട്ടരുവികളും കാട്ടാറും പെരുവിരലൂന്നിയാല് വെള്ളം കിനിയുന്ന മണ്ണും അനേകം ജൈവ വന്യ സമ്പത്തും നിഷ്കളങ്കരും, അധ്വാന ശീലരും ആരോഗ്യ ദൃഢഗാത്രരായ ജനതയും മേപ്പാടിയുടെ കൂടി സ്വകാര്യ അഹങ്കാരമായിരുന്നു. നറുക്കിലയും, തേക്കിലയിയും വർത്തമാന പത്ര താളുകളിലും മത്സ്യമാംസം പലവ്യഞ്ജന സാധനങ്ങള് പൊതിഞ്ഞുകെട്ടി മലിനീകരണത്തെ തടഞ്ഞും. പ്രകൃതി സംരക്ഷണത്തിന് പ്രാധാന്യം നൽകിയും പ്രകൃതിയോടിണങ്ങിയും വസിച്ച നമ്മുടെ പഴയ തലമുറ മൺമറഞ്ഞെങ്കിലും അവര് നൽകിയ ഗുണ പാഠങ്ങള് നമ്മള് വീണ്ടും ഉരുവിട്ട് പഠിച്ചുകൊണ്ടിരിക്കുന്നു എന്നതിൻറെ തെളിവാണ് നമ്മുടെ ശുചിത്വ ഹരിത മിഷനുകൾ. ടൂറിസം മേഖലയിലെ വൻ സാധ്യതകളാണ് ഭാവി കേരളത്തിൻറെ പുരോഗതിക്ക് ഉത്പലകമായി ചൂണ്ടിക്കാണിക്കുന്നത്. ഈ അർത്ഥത്തില് വളരെ വലിയ സാധ്യതയുള്ള മേപ്പാടിയിലെ പ്രദേശങ്ങളാണ് ചെമ്പ്രയും, സൂചിപ്പാറ, വെള്ളരിപ്പാറ, കാരാളംകോട്ട 900 കണ്ടി, ചീനിപ്പാറ പ്രദേശങ്ങൾ. സർക്കാർ തലത്തിൽ പ്രാദേശിക ടൂറിസ വികസനം യാഥാർത്ഥ്യമാവുകയും അതിൻറെ ചുമതലയും,

അധികാരവും മാനേജ്മെൻറും പ്രാദേശിക സർക്കാറുകൾക്ക് കൈമാറാനുള്ള നിയമ നിർമ്മാണവും നടത്തിയാലേ കാർഷിക തോട്ടം മേഖലയില് ഉണ്ടായിട്ടുള്ള മാന്ദ്യം ഫലമായി സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളില് സംജാതമായ മുരടിപ്പ് മാറ്റാനാവുകയുള്ളൂ. പൊതു ശുചിത്വം മാലിന്യ പരിഹാരത്തിനായി 80 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഏവരും പ്രതീക്ഷയോടെ കാത്തിരിക്കുന്നതാണ്. കേന്ദ്ര ഗവൺമെൻറ് സഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്ന സാഗി പദ്ധതി ഈ ഇനത്തിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സാമൂഹ്യ ജീവിതത്തില് കായിക മേഖലയ്ക്കുള്ള പങ്ക് വളരെ വലുതാണ് ജീവിത ശൈലി രോഗങ്ങൾ മുൻകാല തലമുറയ്ക്ക് അപരിചിതമായിരുന്നു. യുവ തലമുറയിൽ കണ്ട് വരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം യുവാക്കള് കായിക രംഗത്ത് സജീവമായിരുന്നതും, നല്ല അയൽ ബന്ധവും, സൌഹൃദവും സൂക്ഷിച്ചിരുന്നതുമായ ഗദകാലത്തിന് അപരിചിതമായിരുന്നു. കേരളോത്സവം, യുവജന ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ പഞ്ചായത്തില് നടത്തപ്പെടുന്നത് ഈ ലക്ഷ്യവും കൂടി മുന്നിൽ കണ്ട്കൊണ്ടാണ്. 2022-23 വർഷത്തെ ബഡ്ജറ്റിൽ 2ലക്ഷം രൂപ ഈ ഇനത്തില് വകയിരുത്തിയിട്ടുണ്ട്.

മാനസിക ശാരീരിക ആരോഗ്യമുള്ളൊരു ജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ശിശു ക്ഷേപ പദ്ധതികൾ നടപ്പിലാക്കുന്നത്. അംഗൺവാടികള് നമ്മുടെ ശിശുക്ഷേമ കേന്ദ്രങ്ങളാണ്. അംഗൺവാടി പോഷക വിതരണത്തിനായി 62 ലക്ഷവും, പശ്ചാത്തല വികസനത്തിനായി 12 ലക്ഷവും കൂടി 24 ലക്ഷം രൂപ വകയിരുത്തുന്നു.

ഞാൻ നേരത്തെ സൂചിപ്പിച്ച പോലെ 14-ാം പഞ്ചവത്സര പദ്ധതിയുടെ മാതൃക നിർദ്ദേശങ്ങള് ലഭ്യമായതില് അഭിപ്രായങ്ങള് ആരാഞ്ഞിട്ടുണ്ട്. ഉദ്പാദന ക്ഷമത വർദ്ധിപ്പിക്കൽ, പ്രാദേശിക സാമ്പത്തിക വികസനം, സംരംഭകത്വം, തൊഴിൽ സൃഷ്ടിക്കൽ, അതിജീവന ക്ഷമത , പ്രകൃതി വിഭവ സംരക്ഷണം, അതി ദാരിദ്ര നിർമ്മാർജ്ജനം, ശുചിത്വം, സാമൂഹ്യ നീതി ഉറപ്പാക്കൽ, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, വയോജന ക്ഷേമം, ലിംഗ സമത്വം, അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സദ്ഭരണം, വാതിൽപ്പടി സേവനങ്ങൾ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്നിവയ്ക്കാണ് 14-ാം പദ്ധതിയിൽ ഊന്നല് നൽകേണ്ടത്. ഈ സൂചകങ്ങളിൽ മിക്കതിലും ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട് എന്നുതന്നെയാണ് ഉത്തമ വിശ്വാസം. 2022-23 വർഷത്തേക്ക് 21ലക്ഷത്തി അറുപതിനായിരത്തി അഞ്ചൂറ്റി 41 രൂപ പ്രാരംഭ ബാക്കിയും, ആകെ 37 കോടി 15 ലക്ഷത്തി എൺപത്തിയാറായിരത്തി 741 രൂപ വരവും, 36 കോടി 88 ലക്ഷത്തി നാൽപത്തിഅയ്യാരിരത്തി 700 രൂപ ചിലവും, 24 ലക്ഷത്തി 41 ആയിരത്തി 41 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന കരട് ബഡ്ജറ്റ് നിർദ്ദേശങ്ങള് ബഹുമാനപ്പെട്ട ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിക്കുന്നു.

*റംല ഹംസ*

*വൈസ് പ്രസിഡന്റ്*
*മേപ്പാടി ഗ്രാമപഞ്ചായത്ത്*

| | |
|---|---|
| പ്രാരംഭ ബാക്കി | 2,160,541 |
| | |
| പ്രതീക്ഷിത വരവുകൾ | |
| നികുതി വരുമാനം | 14,500,000 |
| നികുതിയിതര വരുമാനം | 9,644,600 |
| ജനറൽ പർപ്പസ് ഫണ്ട് | 20,229,600 |
| സംയുക്ത പ്രൊജക്ടുകൾക്കുള്ള ബ്ളോക്ക് – ജില്ലാ പഞ്ചായത്ത് വിഹിതം | 3000000 |
| NREGES | 85000000 |
| വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് | 1000000 |
| വികസന ഫണ്ട് ജനറൽ | 46086000 |
| വികസന ഫണ്ട് എസ് സി പി | 12303000 |
| വികസന ഫണ്ട് ടി സി പി | 9717000 |
| ധനകാര്യകമ്മീഷൻ | 18575000 |
| മെയിന്റനൻസ് റോഡിതരം | 9054000 |
| മെയിന്റനൻസ് റോഡ് | 20917000 |
| സംസ്ഥാനാവിഷ്കൃതം | 20000000 |
| കേന്ദ്രാവിഷ്കൃതം | 26000000 |
| മറ്റുള്ളവ | 73,400,000 |
| ആകെ | 371,586,741 |
| | |
| പ്രതീക്ഷിത ചെലവുകൾ | |
| ഭരണ നിർവ്വഹണ ചെലവുകള് | 30430700 |
| വനിത – ശിശു സൌഹൃദത്തിന് | 12400000 |
| കുടിവെള്ളം | 10000000 |
| ദുരന്ത നിവാരണ പ്രവർത്തനങ്ങള് | 5000000 |
| പാർപ്പിടം | 76000000 |
| ഭിന്നശേഷി സൌഹൃദത്തിന് | 5000000 |
| കാർഷിക മേഖല | 15000000 |
| ആരോഗ്യമേഖല | 6500000 |

| | |
|---|---|
| പൊതു ശുചിത്വം-മാലിന്യ പരിപാലനം | 8000000 |
| ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 80000000 |
| പാശ്ചാത്തല മേഖല | 82000000 |
| മറ്റുള്ളവ | 38515000 |
| ആകെ | 368845700 |
| | |
| നീക്കിബാക്കി | 2,741,041 |